പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2438

05.11.2019 - ൽ മറുപടിക്ക്.

## സ്ഥലം അനുവദിക്കുന്നതിന് നടപടി

ചോദ്യം
ശ്രീ. ബി. ഡി. ദേവസ്സി

മറുപടി
ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ. (എ), : യോട് ചേർന്നുള്ള റീഫാക്ടറീസിന് (ബി), സമീപം സാങ്കേതിക സഹകരണ & സംഘത്തിന് നൽകിയ സ്ഥലം (സി) സഹകരണ സംഘം പ്രവർത്തനം അവസാനിപ്പിച്ചിട്ട് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ തിരിച്ചു പിടിക്കുന്നതിനും മറ്റ് വികസന ആവശ്യങ്ങൾക്കായി നൽകുന്നതിനും വ്യവസായവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

നടപടി സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക സഹകരണ സംഘം പ്രവർത്തനരഹിതമായതിനെ തുടർന്ന് സമാപ്തീകരണ നടപടികൾ സ്വീകരിച്ചിട്ടുള്ളതും സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യോട് ചേർന്നുള്ള റീഫാക്ടറീസിന് സമീപം സാങ്കേതിക സഹകരണ സംഘത്തിന് നൽകിയ സ്ഥലം റവന്യൂ വകുപ്പിൽ നിന്നും പാട്ടത്തിന് എടുത്തിട്ടുള്ളതാണ്. ടി സ്ഥലം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായാൽ ബഹുനില വ്യവസായ സമുച്ചയം എന്ന പദ്ധതിയ്ക്ക് വിനിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ.

കെ/24/10/19